LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, പാലക്കാട് ജില്ലയിൽ മലയോര പാതയിൽ 20 റോഡുകളാണ് ഏറ്റെടുത്തിരിക്കുന്നത്. അത് 93.35 കി. മീ. ദൈർഘ്യം വരുന്ന റോഡുകളാണ്. അങ്ങ് ചോദിച്ച റോഡുകളുടെ കാര്യം ഞാൻ പ്രത്യേകം പരിശോധിച്ച് പിന്നീട് മറുപടി നൽകാം.

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാന്യനായ PWD മന്ത്രി യാഥാർത്ഥ്യം മറച്ച് വയ്ക്കുകയാണ്. 2006 ജനുവരിയിൽ, ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് അഞ്ച് മാസം മുമ്പ് ഈ ഹിൽഹൈവേയുടെ മുഴുവൻ റിപ്പോർട്ടും ഗവൺമെന്റിന് കൊടുത്തതാണ്. 5 കൊല്ലമായിട്ട് 1200 കിലോമീറ്ററിൽ ആകെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നത് 39 കി. മീ. മാത്രമാണ്. 5 കൊല്ലമായി ബഡ്ജറ്റിൽ ഒരു പൈസ വകയിരുത്തിയിട്ടില്ല. ഇങ്ങനെ ജനങ്ങളെ കബളിപ്പിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 1000 കോടി രൂപ കൃത്യമായി സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്. അതിന്റെ 20 ശതമാനം വച്ച് നോക്കുമ്പോൾ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാൻ സാധിക്കും. അങ്ങനെ 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികളിൽ ഹിൽ ഹൈവേയിൽ 253 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡുകളിലെ അപകട മേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി

4 (*214) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളിലെ അപകട സാദ്ധ്യതാമേഖലകൾ അപകട വിമുക്തമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) റോഡു സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അപകട സാധ്യതയുള്ള മേഖലകളിൽ പ്രത്യേക മുന്നറിയിപ്പ് ബോർഡുകളും സിഗ്നലുകളും സ്ഥാപിക്കുമോ ;

(ഡി) റോഡുകൾക്ക് ഇരുവശവും ഓടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഓടകൾ കേടുപാടുകൾ തീർത്ത് പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഇ) ഇതിനായി പ്രത്യേക വിഹിതം നീക്കിവയ്ക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി&സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പദ്ധതി വിഹിതത്തിലുൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കിവരുന്നു.

പേ ക്ലീനിക്കുകൾ തുടങ്ങണമെന്ന നിർദ്ദേശം

5 (*215) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തിയതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി പേ ക്ലിനിക്കുകൾ തുടങ്ങണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത് ;

(സി) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ഡി) ഇത്തരം പേ ക്ലിനിക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ മേഖലയിലെ വിദഗ്ധരുടെ ഉപദേശം തേടിയിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ-ഡി) പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചിട്ടുള്ളത്. ഇതുമൂലം രോഗികൾക്കോ പൊതുജനങ്ങൾക്കോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേ ക്ലീനിക്കുകൾ തുടങ്ങാനുള്ള യാതൊരു നിർദ്ദേശങ്ങളും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly